# ''പരീക്ഷയിലേക്കു ഞങ്ങളെ നയിക്കാതെ,ദുഷ്ടനിൽ നിന്നു ഞങ്ങളെ വിടുവിക്കണമേ''

സാക് പുന്നൻ

WFTW 21 ഫെബ്രുവരി 2016

മത്തായി 6:13ൽ യേശു നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു... ''പരീക്ഷയിലേക്കു ഞങ്ങളെ നയിക്കാതെ ദുഷ്ടനിൽ നിന്നു ഞങ്ങളെ വിടുവിക്കണമേ.'' യഥാർത്ഥ വിശുദ്ധി എന്നത് ഒരു പോരാട്ടത്തിന്റെ ഫലമാണെന്നു ചാരു കസേരിയിൽ ചാരിയിരുന്നു ''സുഖസൗകര്യങ്ങളുടെ പൂമെത്തയിൽ ആകാശത്തേക്ക് എടുക്കപ്പെടുവാൻ ''ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾക്ക് അതുണ്ടാകുന്നില്ല. നാം നമ്മുടെ മോഹങ്ങൾക്കും സാത്താനും എതിരെ യുദ്ധം ചെയ്തെങ്കിൽ മാത്രമേ നാം വിശുദ്ധരായി തീരുകയുള്ളു. നാം അപ്പോൾ ഇങ്ങനെ ചോദിച്ചേക്കാം: ''നമ്മുടെ വിശുദ്ധിക്ക് പിശാച് ഇത്തരത്തിൽ ഒരു തടസ്സമാണെങ്കിൽ, എന്തുകൊണ്ടു ദൈവം അവനെ നശിപ്പിക്കുന്നില്ല?'' അതിനുള്ള മറുപടി, ഒരു വിധത്തിൽ പറഞ്ഞാൽ സ്വർണ്ണം ശുദ്ധി ചെയ്യാൻ ഉല അനിവാര്യമായിരിക്കുന്നതുപോലെ നമ്മുടെ ആത്മീയ വളർച്ചക്കു പിശാച് അനിവാര്യമാണ്. നമ്മുടെ മാംസപേശികൾ പ്രതിരോധത്തിനു വിധേയമാക്കപ്പെടുമ്പോളാണ് അവ ശക്തമാകുന്നത്. അല്ലാത്തപക്ഷം നാം തടിയന്മാരായി അയഞ്ഞു തൂങ്ങിയ മാംസപേശികളുള്ളവരായിത്തീരും. ആത്മീയ മണ്ഡലത്തിലും ഇതു കൃത്യമായി ഇങ്ങനെ തന്നെയാണ്. ആത്മീയമായി നാം ശക്തരാകണമെങ്കിൽ നമുക്കു ചെറുത്തു നിൽപ് ആവശ്യമാണ്. അതുകൊണ്ടാണ് നമ്മെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിക്കുന്നത്.

ആദാം നിഷ്കളങ്കനായിരുന്നു എന്നാൽ നിഷ്കളങ്കത വിശുദ്ധി അല്ല. ആദാം പരീക്ഷിക്കപ്പെട്ടില്ലായിരുന്നെങ്കിൽ അവന്റെ ജീവിതകാലം മുഴുവൻ, ഒരിക്കലും വിശുദ്ധനാകാതെ, നിഷ്കളങ്കനായി നിലകൊള്ളുമായിരുന്നു. നിഷ്കളങ്കത എന്നാൽ നിഷ്പക്ഷതയുടെ ഒരവസ്ഥയാണ്. ആ നിഷ്പക്ഷതയുടെ അവസ്ഥയിൽ നിന്നു തീർത്തും വിശുദ്ധനായി തീരണമെങ്കിൽ, ആദാമിന് ഒരു തിരഞ്ഞെടുപ്പു നടത്തണമായിരുന്നു. അവൻ പ്രലോഭനത്തോട് 'ഇല്ല' എന്നും ദൈവത്തോട് 'അതെ' എന്നും പറയണമായിരുന്നു. അപ്പോൾ മാത്രമേ അവൻ വിശുദ്ധനായി തീരുകയുള്ളു. അതുകൊണ്ട് അവൻ പരീക്ഷിക്കപ്പടേണ്ടിയിരുന്നു. നിർഭാഗ്യവശാൽ, അവൻ ദൈവത്തോട് 'ഇല്ല' എന്നു പറയുകയും അതുകൊണ്ട് അവൻ ഒരു പാപിയായിത്തീരുകയും ചെയ്തു.

യേശുവും നമ്മെപ്പോലെ തന്നെ എല്ലാ കാര്യങ്ങളിലും പരീക്ഷിക്കപ്പെട്ടു (എബ്രാ. 4:15). എന്നാൽ അവിടുന്നും ആദമും തമ്മിലുള്ള വ്യത്യാസം, അവിടുന്ന് എപ്പോഴും പിതാവിനോട് 'അതെ' എന്നു പറഞ്ഞു. പൂർണ്ണതയുള്ള ഒരു മനുഷ്യൻ ആകുന്നതിനു വേണ്ടി, എല്ലാ മനുഷ്യരും എങ്ങനെ ആയിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ ആ വിധത്തിലുള്ള മനുഷ്യൻ ആകുന്നതിനു വേണ്ടി യേശുവിന് താൻ കഷ്ടം അനുഭവിച്ച കാര്യങ്ങളിലൂടെ അനുസരണം പഠിക്കേണ്ടിയിരുന്നു. അവിടുന്നു പ്രലോഭനങ്ങളെ നേരിടുകയും അതിനെ ജയിക്കുകയും ചെയ്തു. അങ്ങനെ, അവിടുന്നു തികഞ്ഞവനാക്കപ്പെട്ടു (എബ്രാ. 5:8,9). അതുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാർക്കു വേണ്ടി ഇങ്ങനെ പറഞ്ഞു പ്രാർത്ഥിച്ചത്: ''പിതാവേ, അവിടുന്ന് അവരെ ലോകത്തിൽ നിന്ന് എടുത്തുകൊള്ളണം എന്നല്ല, പിന്നെയോ ദുഷ്ടനിൽ നിന്നും അവരെ കാത്തുകൊള്ളണം എന്നാണ് എന്റെ പ്രാർത്ഥന'' (യോഹ. 17:15). അവിടുത്തെ ശിഷ്യന്മാർ ഈ ലോകത്തിൽ അവർക്കു നേരിടേണ്ടിയിരുന്ന സമ്മർദ്ദങ്ങളിൽ നിന്നും ശോധനകളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും ദൂരെ എടുത്തു മാറ്റപ്പെട്ടാൽ അവർക്കൊരിക്കലും വിശുദ്ധരാകുവാൻ കഴിയുമായിരുന്നില്ല എന്നു യേശു അറിഞ്ഞിരുന്നു.

പ്രലോഭനവും പാപവും തമ്മിൽ വേർതിരിച്ചറിയേണ്ട ഒരാവശ്യം നമുക്കുണ്ട്. നാം യാദൃച്ഛികമായി കാണുന്ന കാര്യങ്ങളാൽ പെട്ടെന്നു പ്രലോഭിപ്പിക്കപ്പെട്ടാൽ, അതു പാപമല്ല. എന്നാൽ നമ്മെ പ്രലോഭിപ്പിക്കുന്ന കാര്യത്തിലേക്കു നോക്കിക്കൊണ്ടിരിക്കുന്നതോ, അതേക്കുറിച്ചു ചിന്തിക്കുന്നതോ തുടർന്നാൽ, അപ്പോൾ നാം പാപം ചെയ്യുന്നു. പ്രലോഭിപ്പിക്കപ്പെടുന്നതിനെ ഒഴിവാക്കാൻ നമുക്കു കഴിയുകയില്ല. എന്നാൽ നമുക്കു തീർച്ചയായും നമ്മുടെ കണ്ണുകളെയും മനസ്സിനെയും പ്രലോഭിപ്പിക്കുന്ന കാര്യത്തിൽ നിന്നു ദൂരേയ്ക്കു തിരിക്കുന്ന കാര്യം നമുക്കു തിരഞ്ഞെടുക്കാൻ കഴിയും. ഇതാണ് നാം വിശുദ്ധിയുള്ളവരാണോ അതോ പാപമുള്ളവരാണോ എന്നു തീരുമാനിക്കുന്ന നമ്മുടെ ഇച്ഛയെ അഭ്യസിപ്പിക്കുന്നതിനുള്ള മാർഗ്ഗം.

നാം പ്രലോഭിപ്പിക്കപ്പെടുന്നു എന്ന കാരണത്താൽ ദൈവം നമ്മെ കുറ്റക്കാരായി കരുതുന്നില്ല. ഒരാൾ പറഞ്ഞിട്ടുള്ളതുപോലെ ''എന്റെ തലയ്ക്കു മീതെ പറക്കുന്നതിൽ നിന്ന് എനിക്കു പക്ഷികളെ തടയാൻ കഴിയുകയില്ല. എന്നാൽ എന്റെ തലമുടിയിൽ ഒരു കൂട് ഉണ്ടാക്കുന്നതിൽ നിന്ന് എനിക്കവയെ തടയാൻ കഴിയും.'' പ്രലോഭനങ്ങൾ നിങ്ങളുടെ അടുത്തു വരുന്നതിനെ നിങ്ങൾക്കു തടയാൻ കഴിയുകയില്ല. എന്നാൽ അതു നിങ്ങളുടെ മനസ്സിൽ അടിഞ്ഞു കൂടുന്നതിൽ നിന്നു നിങ്ങൾക്ക് അതിനെ തടയാൻ കഴിയും! നാം എത്രമാത്രം ശക്തരാണെന്നു കാണിക്കുന്നതിനു വേണ്ടി നമുക്കു കഴിയുന്നിടത്തോളം പ്രലോഭനങ്ങളെ നാം നേരിടണമെന്നു ദൈവവചനം നമ്മെ പഠിപ്പിക്കുന്നില്ല. ഇല്ല നാം പ്രലോഭനങ്ങളെ വിട്ടോടുകയാണ് വേണ്ടത്. പൗലൊസ് തിമൊഥെയോസിനോട് അവനെ പ്രലോഭിപ്പിക്കുന്ന കാര്യങ്ങളെ വിട്ടോടുവാൻ പറയുന്നു (1 തിമൊ. 2:22). നാം പണസ്നേഹത്തിൽ നിന്നും, ഇളക്കക്കാരായ, സ്ത്രീകളിൽ നിന്നും, നമ്മെ ദൈവത്തിൽ നിന്നു ദൂരേയ്ക്കു നയിക്കുന്ന എല്ലാത്തിൽ നിന്നും നാം ഓടി മാറണം.

പ്രലോഭനങ്ങളോടുള്ള നമ്മുടെ മനോഭാവം ഇങ്ങനെ ആയിരിക്കണം. ''അതിൽ നിന്നു കഴിയുന്നത്ര ദൂരെ ഞാൻ എന്നെത്തന്നെ സൂക്ഷിക്കട്ടെ.'' കിഴക്കാൻ തൂക്കായ ഒരു മലഞ്ചെരുവിന്റെ ഏതറ്റം വരെ താഴെ വീഴാതെ ചെല്ലാൻ കഴിയും എന്നു കണ്ടു പിടിക്കാൻ ശ്രമിക്കുന്ന അല്ലെങ്കിൽ ട്രെയിൻ ഇടിച്ചിടാതെ റെയിൽവേ പ്ലാറ്റ്ഫോമിന്റെ എത്ര അടുത്ത അറ്റം വരെ ചെല്ലാൻ കഴിയും എന്നു നോക്കുന്ന കുട്ടികളെപ്പോലെ ആയിരിക്കേണ്ടവരല്ല നാം. സുബോധമുള്ള ഏതെങ്കിലും മാതാപിതാക്കൾ തന്റെ കുഞ്ഞിന് ഇങ്ങനെ ഒരു ഉപദേശം നൽകുകയില്ല. നാം നമ്മുടെ കുഞ്ഞുങ്ങളോട് അങ്ങനെയുള്ള അപകടങ്ങളിൽ നിന്നു ദൂരെ മാറി നിൽക്കാനാണ് പറയുന്നത്. അതു തന്നെയാണ് ദൈവവും നമ്മോടു പറയുന്നത്.

ഈ അപേക്ഷ യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത്, ''പിതാവേ, എനിക്കു താങ്ങാവുന്നതിൽ കൂടുതൽ ശക്തമായ പ്രലോഭനങ്ങളെ നേരിടുവാൻ എന്നെ അനുവദിക്കരുതേ'' എന്നാണ്. തന്റെ ജഡം ബലഹീനമാണെന്ന് അറിയുന്നവനും താൻ എളുപ്പത്തിൽ വീഴാൻ സാധ്യത ഉള്ളവനാണ് എന്നു മനസ്സിലാക്കുന്നവനുമായ ഒരാളിന്റെ കരച്ചിലാണിത്.

''പരീക്ഷയിലേക്ക് (ഞങ്ങൾക്കു താങ്ങാവുന്നതിൽ കൂടുതൽ ശക്തമായതിലേക്ക്) ഞങ്ങളെ നയിക്കരുതെ'' എന്ന ഈ പ്രാർത്ഥനയിൽ നിന്നു തുടർന്നു വരുന്നത് ''ദുഷ്ടനിൽ നിന്നു ഞങ്ങളെ വിടുവിക്കണമേ'' എന്ന അപേക്ഷയാണ്. ''വിടുവിക്കുക'' എന്ന വാക്കിനെ ''അങ്ങയിലേക്കു ഞങ്ങളെ വലിക്കണമേ'' എന്നു പരാവർത്തനം ചെയ്യാൻ കഴിയും. അതുകൊണ്ട് ആ പ്രാർത്ഥന വാസ്തവത്തിൽ ''ഞങ്ങളെ ദുഷ്ടനിൽ നിന്നും അങ്ങയിലേക്കു വലിക്കണമേ'' എന്നാണ്. ദൈവവും ദുഷ്ടനും രണ്ടു വ്യത്യസ്ത ദിശയിൽ വലിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ നാം പറയുകയാണ് ''പിതാവേ, ദുഷ്ടനിലേക്കുള്ള ഈ വലി എന്റെ ജഡത്തിൽ എനിക്ക് അനുഭവപ്പെടുന്നു. എന്നാൽ എന്നെ ആ വഴിക്കു

പോകുവാൻ അനുവദിക്കരുതേ. അതിനു വഴങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദയവു തോന്നി അങ്ങയുടെ വഴിയിലൂടെ എന്നെ വലിക്കണമേ.'' പാപത്തിന്റെ മേൽ വിജയമുള്ള ഒരു ജീവിതം ഉണ്ടാകുവാൻ ദൈവത്തിങ്കലേക്കു വലിക്കപ്പെടുവാനുള്ള ഈ ആഗ്രഹവും വിശപ്പും ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ആവശ്യമാണ്.

റോമർ 6:14ൽ ഉള്ള ''പാപം നിങ്ങളുടെ മേൽ കർതൃത്വം നടത്തുകയില്ല'' എന്ന വാഗ്ദാനം അനേക ക്രിസ്ത്യാനികളുടെയും ജീവിതത്തിൽ നിറവേറപ്പെടാത്തത്തിന്റെ ഒരു കാരണം അവരുടെ ഹൃദയത്തിന്റെ ആഴത്തിൽ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനായി വേണ്ടത്ര ഒരു വിശപ്പ് ഇല്ല എന്നതാണ്. ''ഓ ദൈവമേ, എന്തു വില കൊടുക്കേണ്ടി വന്നാലും എന്നെ പാപത്തിൽ നിന്നു വിടുവിക്കണമേ'' എന്ന് അവർ നിലവിളിക്കുന്നില്ല. അവർ അതിനായി ദാഹിക്കുന്നില്ല. അവർ ഗുരുതരമായി രോഗാവസ്ഥയിലായിരുന്നെങ്കിൽ അവർ പരാജിതരായി നിലകൊള്ളുന്നതിൽ അത്ഭുതമൊന്നുമില്ല. പുറപ്പാട് 2:2325ൽ ഇപ്രകാരം പറയുന്നു: ''യിസ്രായേൽ മക്കൾ തങ്ങളുടെ അടിമവേല നിമിത്തം അവരിൽ നിന്നുയർന്ന നിലവിളി ദൈവത്തിന്റെ അടുക്കൽ എത്തി. ദൈവം അവരുടെ ദീനരോദനം കേട്ടു... ദൈവം യിസ്രായേൽ മക്കളെ കടാക്ഷിച്ചു; ദൈവം അറിഞ്ഞു.'' ദൈവം നമ്മെയും കടാക്ഷിക്കാൻ തുടങ്ങുന്നത് അപ്പോഴാണ് നാം വിടുതലിനു വേണ്ടി ആശയറ്റ അവസ്ഥയിൽ നിലവിളിക്കാൻ തുടങ്ങുമ്പോഴാണ്. ദൈവം പറയുന്നു: ''നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ എന്നെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും'' (യിരെ. 29:13).

ദൈവത്തിന്റെ പക്കൽ നിന്നു വിലയേറിയത് എന്തെങ്കിലും നമുക്കു പ്രാപിക്കണമെങ്കിൽ, നാം ആദ്യം അതിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യണം എന്നുള്ളത് തിരുവചനത്തിലെ ഒരു പ്രമാണമാണ്. അപ്പോൾ മാത്രമേ നാം അതിനെ വേണ്ടത്ര വിലമതിക്കുവാൻ പഠിക്കുകയുള്ളു. അതുകൊണ്ടു നമുക്കു വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നതുവരെ ദൈവം കാത്തിരിക്കുകയും അനന്തരം ദൈവം, നാം യഥാർത്ഥമായി എന്തിനു വേണ്ടി ആഗ്രഹിച്ചോ അതു നമുക്കു നൽകുകയും ചെയ്യുന്നു.

ക്രിസ്തീയ ജീവിതം സാത്താനെതിരെയുള്ള ഒരു പോരാട്ടമാണ്. ഈ പോരാട്ടത്തിൽ, സാത്താനു തന്റെ ഏജന്റുമാരിൽ ഒരാൾ നമ്മുടെ ഉള്ളിൽ തന്നെയുണ്ട് നമ്മുടെ ജഡം. നമ്മുടെ ജഡം തന്നെ ശത്രുവിന്റെ പക്ഷത്താകയാൽ, സാത്താനോടുള്ള പോരാട്ടത്തിൽ ഫലപ്രദമാകാതവണ്ണം നമ്മെ തടയുവാൻ അതിനു സാധ്യമായതെല്ലാം അതു ചെയ്യും. അത് ഒരിക്കലും മറന്നു പോകരുത്. അതുകൊണ്ടാണ് നമുക്കു സാത്താനെ ജയിക്കണമെങ്കിൽ, ജഡത്തിൽ നിന്നുള്ള പൂർണ്ണ വിടുതലിനായി നാം ആഗ്രഹിക്കേണ്ടത് ആവശ്യമുള്ളത്.

''അല്ലയോ ദൈവമെ പിശാചും മറ്റാളുകളും എന്നോടു ചെയ്യാൻ ശ്രമിക്കുന്ന എല്ലാ തിന്മകളിൽ നിന്നും എന്നെ സംരക്ഷിക്കണമേ'' എന്നു പ്രാർത്ഥിക്കുന്ന ധാരാളം വിശ്വാസികൾ ഉണ്ട്. എന്നാൽ സദാസമയവും അവർ തങ്ങളുടെ ജഡത്തെ (നമ്മുടെ ശത്രുവിന്റെ എജന്റ്) അത് ആവശ്യപ്പെടുന്നതെല്ലാം കൊടുത്തു തീറ്റിപ്പോറ്റുന്നു. അപ്പോൾ ദൈവത്തിന് എല്ലാ തിന്മകളിൽ നിന്നും നമ്മെ വിടുവിക്കാൻ കഴിയുകയില്ല. ആദ്യം നമ്മുടെ ജഡമോഹങ്ങളിൽ നിന്നുള്ള വിടുതലിനായി നമുക്ക് ആഗ്രഹിക്കാം. അപ്പോൾ സാത്താനെ ജയിക്കുന്നത് നമുക്ക് ഒരു എളുപ്പമുള്ള കാര്യമാകും. പിന്നെ മനുഷ്യരിൽ നിന്നോ പിശാചിൽ നിന്നോ ഉള്ള ഒരു തിന്മയ്ക്കും നമ്മെ തൊടുവാൻ കഴിയുകയില്ലെന്നു നാം കണ്ടെത്തും.